പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം
അയ്യൻകാളി ഭവൻ, കനകനഗർ, വെള്ളയമ്പലം, കവടിയാർ പി.ഒ,
തിരുവനന്തപുരം –695003, ഫോൺ/ഫാക്സ് - 0471 2727379
ഇമെയിൽ - bcddkerala@gmail.com, വെബ്സൈറ്റ് –www.bcdd.kerala.gov.in

**BCDIR/484/2025-B1** **തീയതി :27-07-2025**

**തൊഴിൽ രഹിതരായ ഒ.ബി.സി യുവാക്കൾക്ക്**
**പ്ലേസ്മെന്റ് ഉറപ്പാക്കുന്ന നൈപുണ്യ പരിശീലനം 2025-26**

**വിജ്ഞാപനം**

തൊഴിൽ രഹിതരായ പിന്നാക്ക വിഭാഗത്തിൽപ്പെട്ട യുവാക്കൾക്ക് വ്യവസായാധിഷ്ഠിത പരിശീലനം, സർട്ടിഫിക്കേഷൻ, നൈപുണ്യ വികസനം എന്നിവ നൽകികൊണ്ട് തൊഴിൽ ക്ഷമത വർദ്ധിപ്പിക്കുന്നതിനും അതുവഴി തൊഴിൽ സാധ്യതകൾ, വരുമാന സാധ്യതകൾ, സാമ്പത്തിക സ്ഥിരത എന്നിവ മെച്ചപ്പെടുത്തുന്നതിനുമായി **Backhoe Loader Operators, Construction Laboratory &Field Technicians, Excavator Operators, Industrial Electricians, Industrial Automation, Heat Ventilation and Air Conditioning (HVAC), Assistant Machine Operator-Injection Moulding, Training in Plastic and allied Industries,Oil & Gas Technology, Fire & Safety, Welding, Logistic & Supply Chain Management, Hospital Administration & Healthcare Management** തുടങ്ങിയ മേഖലകളിൽ പരിശീലനം നൽകുന്നതിനായി പിന്നാക്ക വിഭാഗ വികസന വകുപ്പ് നടപ്പാക്കി വരുന്ന തൊഴിൽ രഹിതരായ ഒ.ബി.സി യുവാക്കൾക്ക് പ്ലേസ്മെന്റ് ഉറപ്പാക്കുന്ന നൈപുണ്യ പരിശീലനം (2025-26) എന്ന പദ്ധതിയുമായി സഹകരിക്കുവാനും വിജയകരമായി പരിശീലനം പൂർത്തിയാക്കുന്നവർക്ക് തൊഴിൽ ഉറപ്പ് നൽകുവാനും തയ്യാറുള്ള സ്വകാര്യ സംരംഭകരിൽ നിന്നും, സർക്കാർ ഏജൻസികളിൽനിന്നും, വിവിധ യൂണിവേഴ്സിറ്റികളിൽ നിന്നും, സ്ഥാപനങ്ങളിൽ നിന്നും താൽപ്പര്യ പത്രം ക്ഷണിക്കുന്നു. 3 മുതൽ 6 മാസം വരെയുള്ള സർട്ടിഫിക്കേഷൻ കോഴ്സുകൾക്കാണ് ആനുകൂല്യം അനുവദിക്കുന്നത്. ഒരു ഉദ്യോഗാർത്ഥിക്ക് പരിശീലന ചെലവിനായി ഫീസ്, സ്റ്റൈപ്പന്റ് എന്നിവ ഉൾപ്പടെ പരമാവധി 25,000/- രൂപ അനുവദിക്കുന്നു. പദ്ധതിയുമായി സഹകരിക്കാൻ താല്പര്യമുള്ള സ്ഥാപനങ്ങൾ **B-Win** പോർട്ടൽ മുഖേന ഓൺലൈനായി അപേക്ഷ സമർപ്പിക്കാവുന്നതാണ്. സ്ഥാപനത്തിന്റെ പ്രവർത്തനം സംബന്ധിച്ച ബ്രോഷർ, ഇതര രേഖകൾ എന്നിവ **B-Win** പോർട്ടലിൽ അപ്ലോഡ് ചെയ്യേണ്ടതാണ്. താൽപ്പര്യ പത്രം സ്വീകരിക്കുന്ന അവസാന തീയതി **15.08.2025.**

**സ്ഥാപനങ്ങൾക്കുള്ള നിർദ്ദേശങ്ങൾ**

**1.** സ്ഥാപനത്തിന്റെയും വകപ്പിന്റെയും പ്രതിനിധികളടങ്ങിയ സമിതിയായിരിക്കും ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്നത്. ഈ പദ്ധതി പ്രകാരം സംസ്ഥാനത്തെ ഒ.ബി.സി പട്ടികയിൽ ഉൾപ്പെട്ട സമുദായങ്ങളിലെ ഉദ്യോഗാർത്ഥികൾക്ക് മാത്രമേ വകുപ്പിൽ നിന്നും ആനുകൂല്യം അനുവദിക്കുകയുള്ളു.

**2.** പരിശീലന സ്ഥാപനത്തിന് ഏറ്റവും കുറഞ്ഞത് 5 വർഷത്തെയെങ്കിലും പ്രവൃത്തി പരിചയമുണ്ടായിരിക്കണം. ബന്ധപ്പെട്ട മേഖലകളിൽ വ്യക്തി മുദ്ര പതിപ്പിച്ച സ്ഥാപനമായിരിക്കണം.

**3.** ഒരേ സമയം പത്തോ അതിലധികമോ പേർക്ക് പരിശീലനം നൽകുന്നതിന് സൌകര്യം ഉണ്ടായിരിക്കണം.

**4.**പരിശീലനത്തിന് തെരഞ്ഞെടുക്കുന്ന ഉദ്യോഗാർത്ഥികൾ പത്താം ക്ലാസ്സ് പാസ്സായിരിക്കേണ്ടതാണ്.

**5.** സർക്കാർ/അർദ്ധ സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളുമായി സമാനമായ പദ്ധതിയിൽ സഹകരിച്ചിട്ടുള്ള സ്ഥാപനങ്ങൾക്ക് മുൻഗണന നൽകുന്നതാണ്.

**6.** ട്രെയിനികൾക്ക് പ്ലേസ്മെന്റുകൾ നൽകുന്ന റിക്രൂട്ട് മെന്റ് ഏജൻസികൾക്ക് വകുപ്പ് മുൻഗണന നൽകുന്നതാണ്.

**7.** തെരഞ്ഞെടുക്കപ്പെട്ടന്ന പരിശീലനാർത്ഥികൾക്ക് 3 മുതൽ 6 മാസം വരെയുള്ള സർട്ടിഫിക്കേഷൻ കോഴ്സുകൾക്കാണ് ആനുകൂല്യം അനുവദിക്കുന്നത്. കോഴ്സ് ഫീസിനനുസൃതമായി ഒരു ഉദ്യോഗാത്ഥിക്ക് പരിശീലന ചെലവിനായി ഫീസ്, സ്റ്റൈപ്പന്റ് എന്നിവ ഉൾപ്പടെ പരമാവധി 25,000/- രൂപ വകുപ്പിൽ നിന്ന് അനുവദിച്ചു നൽകുന്നതാണ്.

**8.** പരിശീലനം വിജയകരമായി പൂർത്തിയാക്കിയവർക്ക് പദ്ധതിയുടെ വ്യവസ്ഥകൾ പ്രകാരം സ്വന്തം സ്ഥാപനത്തിലോ, സമാന സ്വഭാവമുള്ള ഇതര സ്ഥാപനങ്ങളിലോ, വിദേശത്തോ തൊഴിൽ നൽകേണ്ടതാണ്.

**9.** ഓരോ മാസവും അഞ്ചാം തീയതിക്ക് മുമ്പായി പരിശീലനവുമായി ബന്ധപ്പെട്ട് സ്ഥാപനം നൽകുന്ന മുൻ മാസത്തെ ഹാജരിന്റേയും ശിപാർശയുടെയും അടിസ്ഥാനത്തിലായിരിക്കും ഉദ്യോഗാർത്ഥികൾക്ക് സ്റ്റൈപ്പന്റ് അനുവദിക്കുന്നത്.

**10.** ട്രെയിനിങ് ഫീസ് സ്ഥാപനത്തിൻറെ ബാങ്ക് അക്കൌണ്ടിലേക്ക് അനുവദിക്കുന്നതാണ്.

**11.** താൽപര്യപത്രം സ്വീകരിക്കുന്ന അവസാന തീയതി **15.08.2025.**

**12.** പദ്ധതിയുമായി സഹകരിക്കാൻ താല്പര്യമുള്ള സ്ഥാപനങ്ങൾ **B win** പോർട്ടൽ മുഖേന ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ടതാണ്. സ്ഥാപനത്തിന്റെ പ്രവർത്തനം സംബന്ധിച്ച ബ്രോഷർ, ഇതര രേഖകൾ എന്നിവ **B win** പോർട്ടലിൽ അപ് ലോഡ് ചെയ്യേണ്ടതാണ്.

വിശദാംശങ്ങൾക്ക് പിന്നോക്ക വിഭാഗ വികസന വകുപ്പിന്റെ ഡയറക്ടറേറ്റിൽ ചുവടെ പറയുന്ന ഫോൺ നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

ഡയറക്ടറേറ്റ് (തിരുവനന്തപുരം- **0471-2727378, 2727379**

വിശ്വസ്തതയോടെ,

Signed by
Dr. Arun. J.o
Date: 27-07-2025 09:02:25

**Dr. Arun J O I.A.S**
**DIRECTOR**